FRIDAY 20.10.2023 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/10/2023.

1. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന സെൻട്രൽ ഹാച്ചറിയുടെ വികസനത്തിന്റെ ഭാഗമായി ഫാമിലെ തൊഴിലാളികൾക്കും, സ്റ്റാഫിനും വേണ്ടിയുള്ള ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെ ഉദ്ഘാടനം ഇന്ന് (20/10/2023) ഉച്ചകഴിഞ്ഞ് 4 മണിയ്ക്ക് ചെങ്ങന്നൂർ നിയോജക മണ്ഡലം എം.എൽ.എയും, ഫിഷറീസ്, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ.സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർവഹിക്കുന്നു. NABARD RIDF പദ്ധതിയുടെ സഹായത്തോടെയാണ് 15 കുടുംബങ്ങൾക്കുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഉൾപ്പെടുന്ന ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ചത്. സെൻട്രൽ ഹാച്ചറി ചെങ്ങന്നൂരിന്റെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി തുടർ നവീകരണ പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും തദവസരത്തിൽ നടത്തപ്പെടുന്നതാണ്. ഉദ്ഘാടന ചടങ്ങിനു മുന്നോടിയായി മൃഗസംരക്ഷണ മേഖലയിലെ വിദഗ്ദ്ധർ നയിക്കുന്ന സെമിനാറും, പ്രദർശന മേളയും സംഘടിപ്പിക്കുന്നതാണ്.

2. കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കണം.

3. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം . നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 ഒക്ടോബർ മാസം 30-ാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർ പ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ

വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽ കുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ ഈ മാസം 20 മുതൽ 24 വരെ തിരയിളക്കം -2023 എന്ന പേരിൽ ഒരു കാർഷിക മഹോത്സവം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഒക്ടോബർ 20 മുതൽ 23 വരെ കാർഷിക പ്രദർശനം ഉണ്ടായിരിക്കുന്നതാണ്.

5. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 2023- 24 പ്രകാരം നടപ്പാക്കുന്ന മുട്ടക്കോഴി വളർത്തൽ, ധാതുലവണ വിതരണം, പ്രത്യേക കന്നുക്കുട്ടി പരിപാലനം എന്നീ പദ്ധതികളുടെ അപേക്ഷയും രേഖകളും ഗുണഭോക്തൃ വിഹിതവും (മുട്ടക്കോഴി വളർത്താൻ) കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിലെ പരിയാരം വെറ്ററിനറി പോളിക്ലിനിക്കിൽ ഈ മാസം 31ന് 3 മണിക്ക് മുൻപ് സമർപ്പിക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

6. സംസ്ഥാന ക്ഷീരവികസന വകുപ്പിലെ കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ വിഭാഗത്തിൽ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നു. നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ https://www.cmd.kerala.gov.in വെബ്സൈറ്റോ സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ https://dairydevelopment.kerala.gov.in വെബ്സൈറ്റോ സന്ദർശിക്കുക.

7. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ, ഒരു മാസം പ്രായമുള്ള കരിങ്കോഴി കുഞ്ഞുങ്ങൾ 175 രൂപ നിരക്കിൽ ഈ മാസം 25 (25/10/23) മുതൽ വിൽപനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754. അടുത്ത മാസം വിൽപനക്ക് ഉള്ള ബുക്കിംഗ് ആരംഭിച്ചു (ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

8. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ പൂവൻകോഴിക്കുഞ്ഞുങ്ങൾ അഞ്ചു രൂപ നിരക്കിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും വിൽപനയ്ക്ക്

ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക്ചെയ്യേണ്ടതാണ്.

പരിശീലന പരിപാടി

9. ആലപ്പുഴ ജില്ലിയിലെ കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2023 ഒക്ടോബർ 26 - -ാം തീയതി "ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം, സി. പി. സി. ആർ. ഐ., കായംകുളം എന്ന മേൽവിലാസത്തിലോ, 0479 - 2449268/2959268/9447790268 എന്ന ഫോൺ നമ്പരിലോ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെട്ട് 500 രൂപ പരിശീലന ഫീസ് അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പരിശീലന ദിവസം രാവിലെ 9.30ന് ഹാജരാകേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

10. കൊക്കോ കൃഷിയും സംരക്ഷണവും എന്ന വിഷയത്തിൽ seminar ഒക്ടോബർ 28 ന് കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ, കൊക്കോ റിസർച്ച് സെന്ററിൽ വച്ച് നടത്തുന്നു. താല്പര്യമുള്ളവർ 9400851099 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശുവളർത്തലും ക്ഷീരോല്പാദന മേഖലയിലെ നൂതന സാധ്യതകളും** എന്ന വിഷയത്തിൽ ഈമാസം 26ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

12. കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് "കൂൺ കൃഷി" എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഇന്ന് (20.10.2023) രാവിലെ 10 മണിയ്ക്ക് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9383470802, 0481– 2523164.